# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## മങ്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.9/2777/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/12/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മങ്കട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മങ്കട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മങ്കട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.9/2777/2025

തീയ്യതി: 09/12/2025

## മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2024 മുതൽ 10-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഷ്റഫ് പെരുമ്പള്ളി കെ.എ.എസ് . | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2025 | 19-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-11-2025 | 19-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ. അബദുൽ ഗഫൂർ സി. (ഓഡിറ്റ് ഓഫീസർ)
2. ശ്രീ. ഷാജഹാൻ ഖുറൈശി എം. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
3. ശ്രീമതി. സുജാത എം. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
4. ശ്രീമതി. ഷീബ പി. (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. അസ്ഗറലി. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. ജോസഫ്. കെ. വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 18-05-2024 |
| | | 17-07-2024 | 31-07-2024 |
| ശ്രീമതി. താഹിറ എൻ. കെ. | സെക്രട്ടറി | 19-05-2024 | 16-07-2024 |
| | | 01-08-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | ത ( |
|---|---|---|---|
| ശ്രീ. ജോസഫ്. കെ. വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | |
| ശ്രീമതി. സിന്ധു ഇ.എൻ. | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് | 06-10-2024 | |

| | | | |
|---|---|---|---|
| ശ്രീമതി. ഫാത്തിമത്ത് സുഹ്റ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 28-10-2024 | |
| ശ്രീ. അബ്ദുൽ ജലീൽ തയ്യിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | |
| ശ്രീ. സമീർ അലി. എം. | കൃഷി ഓഫീസർ | 01-04-2024 | |
| ഡോ. അഞ്ജലി | വെറ്ററിനറി സർജൻ | 01-04-2024 | |
| ശ്രീമതി. ഷീജ എം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | |
| ശ്രീമതി. നഷീദ കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 06-08-2024 | |
| ഡോ. ജോസ് ആൽഡ്രിൻ പാട്രിക് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2024 | |
| ഡോ. മുഹമ്മദ് ഷാനവാസ് തയ്യിൽ | തയ്യിൽ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | |
| ഡോ. മഞ്ജു എസ്. | മെഡിക്കൽ ഓഫിസർ (ഹോമിയോ) | 01-04-2024 | |
| ശ്രീമതി. ഫാത്തിമത്ത് സുഹ്റ. സി.എച്ച്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 07-02-2025 | |
| ശ്രീ. ഷെന്തിൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-02-2025 | |
| ശ്രീ. സന്തോഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | |

| | | | |
|---|---|---|---|
| പി. | | | |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 08-11-2024 | |
| ശ്രീമതി. ഫാത്തിമത്ത് സുഹ്റ. സി.എച്ച്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13-03-2025 | |
| ശ്രീ. മുഹമ്മദ് മുസ്തഫ എം. | ഹെഡ്മാസ്റ്റർ | 01-04-2024 | |
| ശ്രീമതി. റുമീന കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ലോൺ ഇനത്തിലെ വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാർഷിക കണക്കിൽ തുക തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി | 1-1-4 |
| 6 | ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-6 |
| 8 | ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കാതെ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു. | 1-1-7 |
| 9 | ബാങ്ക് ബുക്ക് നീക്കിയിരിപ്പ് നെഗറ്റീവ് സംഖ്യയായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-8 |
| 10 | റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് ബാലൻസും വാർഷിക കണക്കിലെ ബാങ്ക് ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല. | 1-1-10 |
| 12 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-11 |
| 13 | റീകൺസിലിയേഷൻ പത്രിക, ബാങ്ക് പാസ്സ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. | 1-1-12 |

| | | |
|---|---|---|
| 14 | Directly Debited By Bank എന്ന ഹെഡിൽ ഉൾപ്പെട്ട തുക നാളിത് വരെ ക്രമീകരിച്ചിട്ടില്ല | 1-1-13 |
| 15 | റീകൺസിലിയേഷൻ പത്രികയിൽ അവ്യക്തത | 1-1-14 |
| 16 | റീകൺസിലിയേഷൻ പത്രികയിൽ ചേർത്ത പാസ്ബുക്ക് ബാലൻസും യഥാർത്ഥ പാസ്ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ക്ഷേമപെൻഷനുകളുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിൽ അപാകത | 1-1-16 |
| 18 | ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമപെൻഷൻ പദ്ധതികൾ | 1-7 |
| 25 | ക്യാഷ് പരിശോധന | 1-8 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് | 1-11 |
| 29 | ജലജീവൻ മിഷൻ - പദ്ധതി വിശദാംശങ്ങൾ | 1-12 |
| 30 | IKM വിഹിതം നൽകൽ കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല | 1-13 |
| 31 | അർഹരായ വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല | 1-14 |
| 32 | കുടിവെള്ള വിതരണം രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-15 |
| 33 | വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-16 |
| 34 | ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല | 1-17 |

| | | |
|---|---|---|
| 35 | വാഹനങ്ങളുടെ വിവരം VEELS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയില്ല | 1-18 |
| 36 | സാക്ഷരത മിഷന് തുക അടവാക്കിയതിന്റെ കൈപ്പറ്റും ധന വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല | 1-19 |
| 37 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല. | 1-20 |
| 38 | ഭവന നിർമ്മാണം - പൂർത്തീകരിച്ചില്ല | 1-21 |
| 39 | കെ.എം.എസ്.സി.എൽ ന് മുൻകൂർ തുക നൽകി. മരുന്നുകൾ ലഭ്യമായില്ല. | 1-22 |
| 40 | എസ്.എസ്.കെ വിഹിതം കൈമാറൽ വിശദമായ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല | 1-23 |
| 41 | സ്റ്റോക്ക് - ഇഷ്യൂ രജിസ്റ്റർ, രേഖകൾ ഹാജരാക്കിയില്ല. | 1-24 |
| 42 | പ്രവൃത്തി വൈകി പൂർത്തിയാക്കി - അർഹമായ പിഴ ഇടാക്കിയിട്ടില്ല | 1-25 |
| 43 | റോഡ് മെയിന്റനൻസ് ഫണ്ട് 51.5 ലക്ഷം രൂപ ലാപ്സായി | 1-26 |
| 44 | അഡ്വാൻസുകൾ ക്രമീകരിക്കാനവശേഷിക്കുന്നു. | 1-27 |
| 45 | ടർഫുകൾക്ക് നമ്പർ നൽകി വസ്തു നികുതി നിശ്ചയിച്ചിട്ടില്ല | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മങ്കട ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ( ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനു ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.07.2025 തീയതിയിലെ 2(1) നം. തീരുമാന അംഗീകരിച്ച് 26.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പ രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസിക കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അ പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനു വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭി ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനി ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്ക തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്ക മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരി കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മങ്കട ഗ്രാമ പഞ്ചായത്തിന്റെ വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമ നൽകുന്നു.

ഡെപ്യൂട്ടി ഡയ
കേരള സംസ്ഥാന ഓ
ജില്ലാ ഓഡിറ്റ് കാര്യാലയ

മലപ്പുറം
തീയതി : 09/12/2025

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള ചട്ടം 62-2(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (41805438/-) ക്യാഷ് ഫ്ലോ പ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവും (3798770/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ലോൺ ഇനത്തിലെ വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററിലെ വിവരങ്ങളുമായ് പൊരുത്തപ്പെടുന്നില്ല

ലോൺ ഇനത്തിലെ തുകകൾ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയിൽ ചുവടെ ചേർക്കും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | തുക (₹) | |
|---|---|---|
| | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
| മുൻബാക്കി | 15123448 | 16372081 |
| തൻവർഷം വന്ന തുക | 770951 | 770951 |
| ആകെ | 15894399 | 17143032 |
| തിരിച്ചടവ് | 1516984 | 1516984 |
| തിരിച്ചടക്കാനവശേഷിക്കുന്ന തുക | 14377415 | 15626048 |

## 1-1-4 വാർഷിക കണക്കിൽ തുക തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി

ബാലൻസ് ഷീറ്റ് B-12 പ്രകാരം Other Investments എന്ന ഇനത്തിൽ (Headcode 420800199) 8,845,9 അവശേഷിക്കുന്നുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ പേരിൽ സ്ഥിര നിക്ഷേപം ഇല്ലായെന്ന് വാക്ക ഹെഡ് മാറി ബുക്ക് ചെയ്തത് ക്രമീകരിക്കേണ്ടതാണ്.

## 1-1-5 ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരം Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)]. ആയതിനാൽ ഈയിന തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാ നടത്താതെ വർഷത്തിൽ ഒരു പ്രാവശ്യമാണ് [Example_ Property Tax (Residential) ജേണൽ നം. 31.03.2025) ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-7 ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കാതെ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു.

വിവിധ പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കേണ്ട തുക പിരിച്ചെടുക്കുന്ന 3 Beneficiary Contributions എന്ന ബാധ്യത ശീർഷകത്തിൽ ലെഡ്ജർ പ്രകാരം 31.03.2025 ത നീക്കിയിരിപ്പായി 76,576 രൂപ ചെലവഴിക്കാനവശേഷിക്കുന്നു. ചെലവ് നടത്തുന്ന മുറയ്ക്ക് ഈ ശീർ നിന്നും ജേണൽ എൻട്രി മുഖേന തുക മാറ്റുന്നതിന് പകരം നീക്കിയിരിപ്പ് അവശേഷിക്കുന്ന സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-1-8 ബാങ്ക് ബുക്ക് നീക്കിയിരിപ്പ് നെഗറ്റീവ് സംഖ്യയായി രേഖപ്പെടുത്തിയിരിക്കുന്നു

IDBI Bank -0763104000145589 അക്കൗണ്ടിലെ 31.03.2025ലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് -559170 ( 31.03.2025ലെ പാസ്ബുക്ക് ബാലൻസ് 0/- ആണ്. ബാങ്ക് ബുക്ക് നീക്കിയിരിപ്പ് നെഗറ്റീവ് തുക കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-1-9 റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് ബാലൻസും വാർഷിക കണക്കിലെ ബാങ്ക് ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല

SBI അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ-67384161225) ബാങ്ക് ബുക്ക് ബാലൻസ് റീകൺസി പത്രികയിൽ ചേർത്തിട്ടുള്ളത് 55,01,113 ആണ്. എന്നാൽ വാർഷിക കണക്കിൽ RP-40B ഷെഡ്യൂൾ ( ബാങ്ക് ബുക്ക് ബാലൻസ് 55,28,613 രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-1-10 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല.

31.03.2025 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റിൽ വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | Directly Credited By Bank എന്ന ഹെഡിൽ ഉൾപ്പെട്ട തുക | കുറിപ്പ് |
|---|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മങ്കട | 67384551930 | 2361 | 2024 മാർച്ച് മുതലുള്ള തുക അവശേഷിക്കുന്നു. |

പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്ന തുകകൾ കണ്ടെത്തി വരവുകൾക്ക് രസീത് നൽകി ‹ ഉൾപ്പെടുത്തേണ്ടതും സ്ഥാപനത്തിന്റേതല്ലാത്ത പണം വരവ് വന്നിട്ടുണ്ടെങ്കിൽ ആയത് ക്രമീകരി‹ നടപടി സ്വീകരിക്കേണ്ടതുമായിരുന്നു. എന്നാൽ 31.03.2025ന്റെ റീകൺസിലിയേഷൻ പത്രികയിലെ തുകകൾ ക്രമീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-11 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

ചുവടെ ചേർത്ത അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But No ഇനത്തിൽ ബാങ്കിൽ നിക്ഷേപിച്ച തുക നാളിത് വരെ ക്രെഡിറ്റാവാതെ അവശേഷിക്കുന്നു.

| ബാങ്ക് അക്കൗണ്ട് | അക്കൗണ്ട് നം. | Cheque Deposited But Not Cleared ഇനത്തിൽ ഉൾപ്പെട്ട തുക | കുറിപ്പ് |
|---|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മങ്കട | 67384551930 | 7036 | 2022 മാർച്ച് മുതലുള്ള തുക അവശേഷിക്കുന്നു. |

## 1-1-12 റീകൺസിലിയേഷൻ പത്രിക, ബാങ്ക് പാസ്സ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

ചുവടെ ചേർത്ത അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രിക, ബാങ്ക് പാസ്ബുക്ക് / അക്കൗണ്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

- SBT Wrong Account -67384551930
- Other Co-Operative Bank-7307

## 1-1-13 Directly Debited By Bank എന്ന ഹെഡിൽ ഉൾപ്പെട്ട തുക നാളിത് വരെ ക്രമീ‹

31.03.2025 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ ബാങ്ക് അക്കൗണ്ടി സ്ഥാപനത്തിന്റെ അറിവില്ലാതെ ബാങ്ക് പണം പിൻവലിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്ര.നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | Directly Debited By Bank എന്ന ഹെഡിൽ ഉൾപ്പെട്ട തുക | കുറിപ്പ് |
|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മങ്കട | 67384551930 | 1188 | 2024 മാർച്ചിലെ തുക |

ആയത് ഏതിനത്തിലുള്ള തുകയാണെന്ന് കണ്ടെത്തി ക്രമീകരിക്കേണ്ടതാണ്.

## 1-1-14 റീകൺസിലിയേഷൻ പത്രികയിൽ അവ്യക്തത

പഞ്ചായത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മങ്കട 67384551930 അക്കൗണ്ടിന്റെ 31. റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ Directly Credited By Bank, Directly Debited By Bar Deposited But Not Cleared എന്നീ ഇനങ്ങൾ കൂടാതെ പാസ്ബുക്ക്, ബാങ്ക് ബുക്ക് പൊരുത്തപ്പെടുത്താനായി 'Less Cash Or Cheque Deposited ' എന്ന ഇനത്തിൽ 35,3 രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-1-15 റീകൺസിലിയേഷൻ പത്രികയിൽ ചേർത്ത പാസ്ബുക്ക് ബാലൻസും യഥാർത്ഥ പാസ്ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല

Kadannamanna Service Co-Operative Bank അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ-0020150009082) പ ബാലൻസ് റീകൺസിലിയേഷൻ പത്രികയിൽ ചേർത്തിട്ടുള്ളത് 14295 ആണ്. എന്നാൽ യഥാർത്ഥ പ ബാലൻസ് 14509 രൂപയാണ്.

## 1-1-16 ക്ഷേമപെൻഷനുകളുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിൽ അപ

വാർഷിക കണക്കിൽ I-14 D ഷെഡ്യൂളിൽ വിവിധ പെൻഷനുകളുടെ ആകെ തുകയായ 65101200 ( Sponsored Schemes-Pension For Agricultural Workers എന്ന ഹെഡിൽ ബുക്ക് ചെയ്യുകയാണ് ചെ വിവിധയിനം പെൻഷനുകളിൽ ചെലവഴിച്ച തുക പ്രത്യേകം ബുക്ക് ചെയ്തിട്ടില്ല.

## 1-1-17 ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

- ആസ്തി രജിസ്റ്റർ മൂല്യം ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക Schedule) ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില
- അഡ്വാൻസ് രജിസ്റ്റർ പൂർണമായ രേഖപ്പെടുത്തലുകൾ നടത്തി കാലികമാക്കി സൂക്ഷിക്കാര വാർഷിക കണക്കിൽ B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായ
- ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./ തിയ്യതി |
|---|---|
| 1(1) തീയ്യതി 14.02.2024 | 3(1) തീയ്യതി 26.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 34576664 |
| വരവ് | 66691138 |
| ആകെ | 101267802 |
| ചെലവ് | 62892368 |
| നീക്കിയിരിപ്പ് | 38375434 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 20210642 | 20210642 | 19478372 | 732270 |
| വികസന ഫണ്ട് (എസ്.സി.പി) | - | 7021174 | 7021174 | 6157772 | 863402 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 25073000 | 25073000 | 19922567 | 5150433 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 7035000 | 7035000 | 6050238 | 984762 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | - | 8296753 | 8296753 | 7619219 | 677534 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | - | 4013572 | 4013572 | 3456495 | 557077 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 380 | 159290898 | 266 | 98529914 | 114 | 70% |

**കുറിപ്പ് :-** പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ "സുലേഖ" മുഖേന ജനറേറ്റ് ചെയ്ത ചെലവ് പത്രിക ( വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. സോഴ്സ് ഡിഡക്ഷൻ ആയി കുറവ് ചെയ്ത തുകകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായി ജി.ഒ പ്രോജക്ടുകൾ തയ്യാറാക്കി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിl പ്രോജക്ടുകൾക്ക് അടങ്കൽ ആയി പൂജ്യം രൂപയാണ് ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2477 | 1859696 | 1862173 | 1853870 | 8303 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16132307 | 16132307 | 16132307 | 0 |

## 1-7 ക്ഷേമപെൻഷൻ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 3045200 | 174 |
| വിധവാപെൻഷൻ | 21123600 | 1330 |
| വാർദ്ധക്യകാലപെൻഷൻ | 30385700 | 2282 |
| വികലാംഗപെൻഷൻ | 8870300 | 559 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1676400 | 104 |

കുറിപ്പ്- വാർഷിക കണക്കിൽ I-14 D ഷെഡ്യൂളിൽ വിവിധ പെൻഷനുകളുടെ ആകെ തുകയായ 651( State Sponsored Schemes-Pension For Agricultural Workers എന്ന ഹെഡിൽ ബുക്ക് ചെ ചെയ്തിട്ടുള്ളത്. സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടു

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പ 15.11.2025 ന് 3.04pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തു പരിശോധനയിൽ 3732 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2) സെക്രട്ടറിയുടെ വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല
3) വാർഷിക കണക്കിനെ സാധൂകരിക്കുന്ന രീതിയിൽ പൂർണമായ വിവരങ്ങളുൾപ്പെടുത്തി അഡ്വാൻസ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.
4) വിവിധ പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.11.22-08.11.22 | 01.04.2022 മുതൽ 31.10.2022 വരെ | 08.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.01.2017-23.01.2017 | 2011-12 മുതൽ 2015-16 വരെ | 06.03.2017 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച്

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചി പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായ ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മങ്കട ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധി എൻക്വയറി നമ്പർ 03/14.11.25 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അ റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1.2021-22 മുതൽ നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| വർഷം | സ്കീം-1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | സ്കീം-3 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | സ്കീം-4 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | | | | |
| 2022-23 | | 346464 | 700897 | 1047361 |
| 2023-24 | 2775000 | 1054000 | 433000 | 4262000 |
| 2024-25 | | 440000 | 690000 | 1130000 |
| **ആകെ** | 2775000 | 1840464 | 1823897 | 6439361 |

2. ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ ( (പലിശ ഉൾപ്പെടെ)

| | ബാലൻസ് |
|---|---|
| സ്കീം 1 | 2885174 |
| | |

| | |
|---|---|
| സ്കീം 3 | 480900 |
| സ്കീം 4 | 1354313 |
| ആകെ | 4720387 |

3. ഓരോ സ്കീമിലും നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| വർഷം | സ്കീം-1 Health Grant Towards Buildingless Subcenters, PHCs & CHCs | സ്കീം-3 Health Grant Towards Support For Diagnostic Infrastructure To The PHCs | സ്കീം-4 Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | | | | |
| 2022-23 | | 233949 | | 233949 |
| 2023-24 | | 112342 | 129512 | 241854 |
| 2024-25 | | 143453 | 163380 | 306833 |
| **ആകെ** | | 489744 | 292892 | 782636 |

4. നാളിതു വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം.

| വർഷം | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 22-23 | 268/23 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 233949 | സ്കീം 3 |
| 23-24 | 257/24 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 112342 | സ്കീം 3 |
| 23-24 | 258/24 | ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻറ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 129512 | സ്കീം 4 |
| 24-25 | 338/25 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 143453 | സ്കീം 3 |
| 24-25 | 400/25 | ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻറ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 71410 | സ്കീം 4 |
| 24-25 | 399/25 | ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻറ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 91970 | സ്കീം 4 |
| | ആകെ | | 782636 | |

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല.കെട്ടിടമില്ലാത്ത കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കീം-1 പ്രകാരം23-24 ൽ 2775000 രൂപ ല

തുക ചെലവഴിക്കാതെ 9.4.2025-ൽ 2775000തിരിച്ചടവാക്കിയിട്ടുണ്ട്. ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശേ 1.11.2025 ൽ പലിശ ഇനത്തിൽ ലഭിച്ച 126959രൂപ നീക്കിയിരിപ്പ് ഉണ്ട് .

നിലവിൽ കുടുംബാരോഗ്യ കേന്ദ്രത്തിനും 5 ഉപ കേന്ദ്രങ്ങളാണ് ഉള്ളത് ആയതിൽ 1 എണ്ണം (വെള്ളില) പെ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് .

<u>ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി</u>

ദിനം പ്രതി 600 നടുത്ത് രോഗികൾ MORNING & Evening ഒ.പി.യിലായി കുടുംബാരോഗ്യ ( ചികിത്സക്കായി എത്തുന്നുണ്ട്. ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുക രോഗ നിർണ്ണയ സ മെച്ചപ്പെടുത്തുന്നതിനും ആശുപത്രി വഴി പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിം ഉപയോഗപ്പെടുത്താൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കുന്നുണ്ട്

സാമ്പത്തിക വർഷാവസാനം ലഭിച്ച ഗ്രാന്റ് തുകയും അതിന്റെ പലിശയും മാത്രമാണ് അക്കൗണ്ടിൽ സ്ക അവശേഷിക്കുന്നത് എങ്കിലും സ്കീം 4 ൽ ഭീമമായ തുക അവശേഷിക്കുന്നുണ്ട്.സാമ്പത്തിക വ( അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്ത പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. വാർഷിക ധനകാര്യ പത്രികയിൽ ഗ്രാന്റിന്റെ വരവ് ചെലവ് ശരിയായ രീതിയിൽ ഫ്രതിഫലിക്കുന്നുണ്ട്.

## <u>1-12 ജലജീവൻ മിഷൻ - പദ്ധതി വിശദാംശങ്ങൾ</u>

**1).** കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായ **15%** വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല.

2). പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് 10% ഗുണഭോക്തൃ വിഹിതം കൈമാറിയിട്ടില്ല.

3). ജലജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതം ഇനത്തിൽ പഞ്ചായത്തിന് നാളിതുവരെ തുക ലഭിച്ചിട്ടില്ല
4). ജലജീവൻ മിഷൻ പദ്ധതിക്കായി 10.4.2025തിയ്യതിയിലെ 16(1) തീരുമാന പ്രകാരം ഫണ്ട് അപര്യാപ്തമായ തുക നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

5). തുക വകയിരുത്തി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം ലഭ്യമല്ല

6). ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറി നന്ന് നാളിതുവരെ പഞ്ചായത്തിന് തുകയൊന്നും ലഭ്യമായിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 2/11.11.2025 ന സ്ഥാ ലഭ്യമാക്കിയ മറുപടിയെ ആസ്പദമാക്കിയുള്ള വിവരങ്ങളാണിവ)

## <u>1-13 IKM വിഹിതം നൽകൽ കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല</u>

| പ്രോജക്ട് നം, പേര് | അടങ്കൽ / ചെലവ് | ബിൽനം./വൗച്ചർ നം.തീയതി |
|---|---|---|
| 7/25<br>ഐ.കെ.എം ന് വിഹിതം നല്കൽ- | 98498(വികസന ഫണ്ട്)<br>ചെലവ്:98498 | 24151152009700607675/02-09-2024 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

ഐ.കെ.എംന് 2024-25 വർഷത്തെ വിഹിതമായി 98498 രൂപ നല്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത തുക ലഭിച്ചതി കൈപ്പറ്റ് രശീതി ഫയലിൽ ലഭ്യമല്ല.ഐ.കെ.എംന്റെ കൈപ്പറ്റ് രശീതി പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.13/15.11.2015 നൽകിയതിന് ലഭ്യമാകുന്നമുറക്ക് ഹാജരാക്കുന്നതാണ മറുപടി ലഭ്യമാക്കി.കൈപ്പറ്റ് ലഭ്യമാക്കേണ്ടതാണ് ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-14 അർഹരായ വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ സ്കോ നൽകിയില്ല

പ്രൊജക്ട് - പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നം. 8/2025

അടങ്കൽ - 2026000 (SCP-1315000 ; ബ്ലോക്ക് പഞ്ചായത്ത് വിഹിതം -700,000 )
ചെലവ്

24150852030101716357/26-03-2025 : 380,000

24150852030101701744/25-03-2025 : 240,000

24150852030101246617/29.1.25 : 695000

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 63പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർ നൽകിയിട്ടുണ്ട്. എന്നാൽ 12 വിദ്യാർത്ഥികൾക്ക് ജി.ഒ.(എം.എസ്) 115/2022/തസ്വഭവ/ 28/05/2022 ലെ ഖ 4(l) പ്രകാരമുള്ള നിരക്കിൽ ആയത് നൽകിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു -

| ക്ര. നം. | ഗുണഭോക്താവ് | കോഴ്സ് | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|---|
| 1 | ഗോപിക .കെ | ബി.കോം | 20000 | 15000 |
| 2 | സുനിൽ.കെ | എം.പി എഡ് | 30000 | 15000 |
| 3 | ശിഥില ശിവൻ | ബി.എ | 20000 | 15000 |
| 4 | ശ്രീജിൻ | ITI | 20000 | 15000 |
| 5 | ആദിത്യൻ | ITI | 20000 | 15000 |
| 6 | യദുകൃഷ്ണൻ | Bachelor Of Designing | 20000 | 15000 |
| 7 | അമൽ കൃഷ്ണൻ | Diploma | 20000 | 15000 |
| 8 | വിജയ പി | Diploma | 20000 | 15000 |
| 9 | അക്ഷയനാഥ് | ബി.എഫ്.എ | 20000 | 15000 |
| 10 | ജിനഷ | Diploma | 20000 | 15000 |
| 11 | വൈശാഖ്.പി | ബി.എ | 20000 | 15000 |
| 12 | ജിതിൻ രാജ്.എം | ITI | 20000 | 15000 |
| | | ആകെ | 250000 | 180000 |

അർഹരായ വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ സ്കോളർഷിപ്പ് നൽകാതിരുന്നതിന അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (7/15.11.25) ന് ജില്ലാ പഞ്ചായത്ത് ഫ വച്ചിരുന്നെങ്കിലും ആയത് ലഭ്യമാകാത്തതിനാലാണ് തുക നൽകാതിരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.സംയുക്ത പദ്ധതികളായിവെക്കുന്ന പദ്ധതികൾക്ക് ഫണ്ട് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും മാർഗ്ഗരേഖ രേഖനിർദ്ദേശപ്രകാരം തുക നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 കുടിവെള്ള വിതരണം രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം. 2240208/22-06-2024 : 606060

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലിറ്ററിന് 63പൈസ നിരക്കിൽ കുടിവെള്ളം വിതരണം ശ്രീ. അബ്ദുൾ കബീർ മേലേതിൽ എന്ന വ്യക്തിക്ക് മേൽ വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്. പ്രസ്തുത ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട് -

1. 2018 ലെ ഫിനാൻസ് ആക്റ്റ് (31.03.2018 ലെ 3111(1)/Leg.A2/2018/Law നം. കേരള ഗസറ്റ്) ആക്റ്റിന്റെ ഖണ്ഡിക 4(4) F പ്രകാരം എല്ലാ പ്രവൃത്തികളും സർവീസുകളും സംബന്ധിച്ച കരാറുകൾ വെയ്ക്കേണ്ട മുദ്രപത്രത്ത പ്രവൃത്തിയുടെ ആകെ തുകയുടെ 0.1% എന്ന നിരക്കിൽ കുറഞ്ഞത് 200പരമാവധി ഒരു ലക്ഷം രൂപ നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ, 200 രൂപയുടെ ഒരു മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്. 610 രൂപയു വേണമെന്നിരിക്കെ ആയത് ഉള്ളടക്കം ചെയ്തിട്ടില്ല.

2.1961 ആദായ നികുതി നിയമം വകുപ്പ് 194 C പ്രകാരം കരാർ തുകയുടെ 1% ആദായ ഈടാക്കേണ്ടതാണെന്നിരിക്കെ അപ്രകാരം ഈടാക്കിയതായി കാണുന്നില്ല

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻ നം.9/15.11.2025 ) കരാറുകാരനിൽ നിന്നും തുക ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.ആദാ ഈടാക്കി അടവാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

2024-2025 സാമ്പത്തിക വർഷത്തിൽ സെക്രട്ടി വിവിധ പദ്ധതികളിലായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇലക്ട്രിക്ക് പോസ്റ്റുകളും ലൈനുകളും മാറ്റുന്നതിന് തനത് നിന്നും താഴെ പറയുംപ്രകാരം കേരള വൈദ്യുതി ബോർഡിന് തുക നൽകിയിട്ടുണ്ട്.

| ക്രമനം | ഇനം | കൈമാറിയ തുക | വൗ നം& തീയ്യതി |
|---|---|---|---|
| 1 | യു.കെ പടി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് PWD യിലേക്ക് തുക അടവാക്കൽ(154/25) | 114941 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | XVFC/24-25/P/103,Dated 30.09.2024 |
| 2 | ആശുപത്രിപടി കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റിയിലേക്ക് തുക അടവാക്കൽ (290/25) | 340000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | XVFC/24-25/P/115,Dated 10.12.2024 |
| | **ആകെ തുക** | **454941** | |

മേൽ പറഞ്ഞ പദ്ധതികളുടെ വിനിയോഗ/ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓ എൻക്വയറി നം.12/15.11.2025 നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നമുറക്ക് ഹാജരാക്കുന്നതാ മറുപടി ലഭ്യമാക്കി.ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-17 ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട്, 1989ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കേണ്ടതാണ്. സർക്ക 17263/എൽ.3/തസ്വഭവ തിയതി. 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം ( അടവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ നിന്നും ഈടാക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ മങ്കട ഗ്രാമപഞ്ചായത്തിന്റെ 2024-25 (1 അർദ്ധവർഷം ) ലൈബ്രറി സെസ്സ് ഇനത്തിൽ അടവാക്കേ അടവാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.16/15.11.2025 നൽകിയതിന് 2024-25 വർഷത്തെയും 2025-26 ഒന്നാം വർഷത്തെയും ആകെ തുക 40345 13.11.2025 ന് Transfer ചെയ്തതിന്റെ രേഖ ഹാജരാക്കുകയുണ്ടയി.ആയതിന്റെ കൈപറ്റ് ലഭ്യമാക്കേണ്ടതും ഭാവി ലൈബ്രറി സെസ് യഥാസമയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

## 1-18 വാഹനങ്ങളുടെ വിവരം VEELS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയില്ല

ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സലർക്കുലറിന്റെയും തുർച്ചയായായി, ധനകാര്യ (ഐ സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാ സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴി ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ “Vehicle Management And Location Tracking System (VEELS വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

സെക്രട്ടറി നിർവഹണം നടത്തിയ ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (5 മഹീന്ദ്ര ബോലേറോ ജീപ്പ് (KL53V 5245) വാങ്ങുകയും 2024-25 വർഷത്തിൽ വാഹന ഇൻഷ്വറൻസ്,മോട്ടോർ നികുതി എന്നീ ഇനങ്ങളിലായി 987678 രൂപ ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും അനുബന്ധ സ്ഥാപനങ്ങളിലേയും, വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.18/16.11.25 നൽകിയതിന് അറിവില്ലായ്മ മൂലമ വിവരങ്ങൾ VEELS പോർട്ടലിൽ രേഖപ്പെടുത്താതിരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.മറുപടി തൃപ്തികരമല്ല.വിവരങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 1-19 സാക്ഷരത മിഷന് തുക അടവാക്കിയതിന്റെ കൈപ്പറ്റും ധന വിനിയോഗ സാക്ഷ്യ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | 410/25, തുടർ സാക്ഷരത |
| അടങ്കൽ | 10000 (തനത്ഫണ്ട്) |
| ചെലവ് തുക | 66350 |
| വൗച്ചർ നം. | 22401041/30.3.2025, 66350 |

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കേരള സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന തുല്ല്യതാ കോഴ്സകൾക്കായി താഴെ പറയും പ്രകാരം കോഴ്സ് ഫീസ് ഡയറക്ടർ,കേരള സാക്ഷരത മിഷൻ, തിരുവനന്തപുരം ന് നൽകിയിട്ടുണ്ട്.

| ക്രമ നം. | കോഴ്സിന്റെ പേര് | പഠിതാക്കളുടെ എണ്ണം | അടവാക്കിയ തുക |
|---|---|---|---|
| 1 | 10ാം തരം | 11 | 20350 |
| 2 | +2 | 20 | 46000 |
| ആകെ | | | 66350 |

മേൽ പ്രകാരം തുക അടവാക്കിയതിന്റെ കൈപ്പറ്റ് രസീതും ധനവിനിയോഗ സാക്ഷ്യപത്രവും സാക്ഷരതാ മി നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 23 /17.11.2 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-20 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല.

ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ചുവടെ ചേർത്ത പദ്ധതി ഹോംകോ ക്ക് തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ച

| ക്രമ നം | പദ്ധതി | അടങ്കൽ, ചെലവ് | പ്രഫോർമ ഇൻവോയ്സ് | മരുന്ന് ലഭിച്ച വിവരം | ലഭിക്കാ മരുന്ന് ( |
|---|---|---|---|---|---|
| 1 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ 437/25 | അടങ്കൽ- 100000/- ചെലവ്- 100000/- (വി.ഫ. ജ) BRN. 24151152033601661840/24.03.25 | PF-1441/21.03.25- 100000/- | ഇല്ല | 100000/ |
| | | ആകെ | 100000/- | ഇല്ല | 100000/ |

100000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കു അറിയിക്കുന്നതാണെന്ന് 4/12.11.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. മരുന്നുകൾ ല മുറക്ക് ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഭവന നിർമ്മാണം - പൂർത്തീകരിച്ചില്ല

2024-25 വർഷത്തിൽ വിവിധ ലൈഫ് ഭവന പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|
| ലൈഫ് ഭവന പദ്ധതി ജനറൽ 30/25 (New) | 4,00,000/- ( വി.ഫ.ജ) + 10,00,000/- (സംസ്ഥാനാവിഷ്കൃതം) + 2,00,000/- (BP) +2 ,00,000/- (DP)+ 2200000/- (മറ്റുള്ളവ) | 4,00,000/- ( വി.ഫ.ജ) |
| ലൈഫ് ഭവന പദ്ധതി | 11,50,000/- ( വി.ഫ.ജ) + 30,00,000/- | 11,50,000/- ( വി.ഫ.ജ) + 7,60,000/- |

| | | |
|---|---|---|
| ജനറൽ SO 236/25 | (സംസ്ഥാനാവിഷ്കൃതം) + 15,00,000/- (BP) + 15,00,000/- (DP)+ 3000000/- (മറ്റുള്ളവ) | (സംസ്ഥാനാവിഷ്കൃതം)+ 7,78,000/- (മറ്റുള്ളവ) |
| ലൈഫ് ഭവന പദ്ധതി എസ്.സി SO 234/25 | 9,00,000/- SCP + 30,00,000/- (സംസ്ഥാനാവിഷ്കൃതം) + 10,00,000/- (BP) + 12,00,000/- (DP)+ 2500000/- (മറ്റുള്ളവ) | 9,00,000/- SCP +7,80,000/- (സംസ്ഥാനാവിഷ്കൃതം) |
| ലൈഫ് ഭവന പദ്ധതി എസ്.സി 31/25 (New) | 2,00,000/- SCP + 5,00,000/- (സംസ്ഥാനാവിഷ്കൃതം) + 1,00,000/- (BP) + 1,00,000/- (DP)+ 1100000/- (മറ്റുള്ളവ) | 2,00,000/- SCP |

2024-25 വർഷത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി മുകളിൽ പരാമർശിച്ച ലൈഫ് ഭവന പ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ലൈഫ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ പദ്ധതി പ്രകാരം എഗ്രിമെന്റ് വെച്ച് തുക കൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ ഭവന ന പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. അഡ്വാൻസ് കൈപ്പറ്റിയിട്ടും ഭവന നിർമ്മാണത്തിന്റെ അടുത്ത സ്റ്റേജ് പൂർത്തീകരിച്ച് തുക കൈപ്പറ്റി

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
